**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1604** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>കെ - സ്റ്റോർ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** കെ - സ്റ്റോർ പദ്ധതിയെ കുറിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** റേഷൻ കട വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും, ജനോപകാരപ്രദമായ കൂടുതൽ സാധനങ്ങളും സേവനങ്ങളും റേഷൻ കടകൾ വഴി ലഭ്യമാക്കുന്നതിനും ലൈസൻസികൾക്ക് അധികവരുമാനം ലഭിക്കുന്നതിനുമായി 2023 മെയ് മാസം ആരംഭിച്ച പദ്ധതിയാണ് കെ-സ്റ്റോർ. കെ-സ്റ്റോറിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിരവധി പരാതികൾ ഇതിനോടകം ലഭിച്ചിട്ടുണ്ട്. കെ-സ്റ്റോറിന്റെ പ്രവർത്തനങ്ങൾ സർക്കാർ സസൂക്ഷ്മം നീരിക്ഷിച്ചു വരുന്നു. ആവശ്യമെങ്കിൽ കെ-സ്റ്റോറിന്റെ പ്രവർത്തനങ്ങളിൽ മാറ്റങ്ങൾ കൊണ്ടുവരുന്ന കാര്യം പരിശോധിക്കുന്നതാണ്.

**(ബി)** കെ - സ്റ്റോർ പദ്ധതി വഴി ജനങ്ങൾക്ക് റേഷൻ കടയിൽ നിന്നും ലഭിക്കുന്ന അധിക സേവനങ്ങൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>** റേഷൻ കടകൾ വഴി പതിവായി നൽകി വരുന്ന PDS സേവനങ്ങൾക്കു പുറമേ സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള MSME കൾ ഉൽപാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഉത്പന്നങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ പ്രദേശത്തെയും സാധനങ്ങളുടെ ആവശ്യകത അനുസരിച്ച് ആവശ്യമായ സാധനങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ CSC രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കെ-സ്റ്റോറുകളിൽ നിന്നും 10,000/- രൂപ വരെ Aadhar Enabled Payment System (AEPS) മുഖേന പിൻവലിക്കുന്നതിനും, നിക്ഷേപിക്കുന്നതിനുമുള്ള മിനി ബാങ്കിങ് സംവിധാനം, യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് കെ-സ്റ്റോർ പദ്ധതി പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ സാധാരണ ജനവിഭാഗത്തിനാണ് കെ-സ്റ്റോറുകൾ വഴിയുള്ള സേവനം കൂടുതലായും പ്രയോജനപ്പെടുന്നതിനു വേണ്ടിയാണ് ഇത്തരത്തിൽ കെ-സ്റ്റോർ വിഭാവനം ചെയ്ത് നടപ്പിൽ വരുത്തിയത്.

കെ-സ്റ്റോറിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിരവധി പരാതികൾ ഇതിനോടകം ലഭിച്ചിട്ടുണ്ട്. കെ-സ്റ്റോറിന്റെ പ്രവർത്തനങ്ങൾ സർക്കാർ സസൂക്ഷ്മം നീരിക്ഷിച്ചു വരുന്നു. ആവശ്യമെങ്കിൽ കെ-സ്റ്റോറിന്റെ പ്രവർത്തനങ്ങളിൽ മാറ്റങ്ങൾ കൊണ്ടുവരുന്ന കാര്യം പരിശോധിക്കുന്നതാണ്.

**(സി)** സംസ്ഥാനത്ത് ഇതുവരെ എത്ര കെ - സ്റ്റോറുകൾ പൂർണ്ണാർത്ഥത്തിൽ പ്രവർത്തനസജ്ജമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ 2542 റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**